# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2878</u> | <u>12.10.2011-ൽ മറുപടിയ്ക്ക്</u>

## <u>കേരശ്രീ പദ്ധതി</u>

| *ചോദ്യം* | | *മറുപടി* | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | നാളികേര ഉല്പാദന ശേഷി വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ കർഷകർക്ക് കുറഞ്ഞ ചെലവിൽ വളവും നടീൽ വസ്തുക്കളും ലഭ്യമാക്കാൻ എന്തെങ്കിലും പുതിയ പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>(1) നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന 100% കേന്ദ്ര പദ്ധതിയാണ് തെങ്ങുകൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ. 2011-12 വർഷം 300 ഹെക്ടർ സ്ഥലത്ത് ഒന്നാം വർഷ പ്രദർശനത്തോട്ടവും 300 ഹെക്ടർ സ്ഥലത്ത് രണ്ടാം വർഷ പ്രദർശന തോട്ടവും സ്ഥാപിച്ചു വരുന്നു. പത്തനംതിട്ട,കോട്ടയം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് പ്രദർശന തോട്ടങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. ഹെക്ടറിന് 17500/-രൂപയാണ് ധനസഹായമായി ലഭ്യമാ ക്കുന്നത്. 105 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.<br>(2) നാളികേര വികസന ബോർഡും കൃഷി വകുപ്പും സംയുക്തമായി തെങ്ങു പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നുണ്ട്. പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ |

2009-10 മുതൽ 2010-13 വരെയുള്ള കാലയളവിൽ പദ്ധതി നടപ്പിലാക്കും. 474.514 കോടി രൂപയാണ് പദ്ധതിയുടെ കേന്ദ്ര സബ്സിഡി. കാറ്റുവീഴ്ച രോഗം രൂക്ഷമായി ബാധിച്ചതും ഉല്പാദ നക്ഷമത തീരെ കുറഞ്ഞതുമായ 143.4 ലക്ഷം തെങ്ങുകൾ വെട്ടിമാറ്റുക, 1.33 ലക്ഷം ഹെക്ടർ തെങ്ങിൽ തോട്ടങ്ങൾ പുനരുദ്ധരിക്കുക, തെങ്ങിൻ തൈകൾ പുതിയതായി വച്ചു പിടിപ്പിക്കുക എന്നിവ യാണ് പദ്ധതി ലക്ഷ്യങ്ങൾ

പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഈ മൂന്നു ജില്ലകളിലും കൂടി ഒൻപത് ബ്ലോക്കുകളിൽ നടപ്പിലാക്കുകയും 2010-11 കാലയളവിൽ 18 ബ്ലോക്കുകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തു. ഈ സാമ്പത്തിക വർഷം മുൻ വർഷം രൂപീകരിച്ച 18 ബ്ലോക്കുകളിലെ പദ്ധതി നടത്തിപ്പു പുരോഗമിച്ചു വരുന്നു.

ഒന്നാംഘട്ടത്തിൽ തിരഞ്ഞെടുത്ത 9ബ്ലോക്കുകളിലും കൂടി കാറ്റുവീഴ്ച രോഗം വന്നതും പ്രായാധിക്യം മൂലം ഉല്പാദനക്ഷമത നശിച്ചതുമായ 6.47 ലക്ഷം തെങ്ങുകൾ 25.06 കോടി രൂപ സബ്സിഡിയായി നൽകി വെട്ടിമാറ്റിയിട്ടുണ്ട്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി മെച്ചപ്പെട്ട വിള പരിപാലനത്തിനായി ഈ ക്ലസ്റ്ററുകളിൽ 13.25 കോടി രൂപ ചിലവാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 66605 തെങ്ങിൻ തൈകൾ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 2010 കർഷകർക്കായി വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷം (2011) മൂന്നു ജില്ലകളിലും

വിതരണം നടത്താൻ 48254 തെങ്ങിൻ തൈകൾ ലഭ്യമാക്കിയിട്ടുണ്ട്.

3)സംസ്ഥാന നാളികേര വികസന പദ്ധതി പ്രകാരം 27.9 കോടി രൂപ 2011-12 ൽ ചെലവഴിക്കുന്നതാണ്. കേരശ്രീ ഒന്നാം വർഷ പദ്ധതിയ്ക്കായി 17.865 കോടിരൂപയും. രണ്ടാം വർഷധനസഹായത്തിനായി 9.635 കോടിരൂപയും കൂടാതെ നാളികേര അധിഷ്ഠിത ഉത്പന്നങ്ങളുടെ ഉല്പാദത്തിനായി ചെറിയ യൂണിറ്റുകൾ സ്ഥാപിക്കാൻ പരമാവധി 10 ലക്ഷം രൂപ ലഭ്യമാക്കാനായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിന് നിലവിൽ സബ്സിഡി വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല |

R.R.Odisa

സെക്ഷൻ ഓഫീസർ